# ലൈഫ് പദ്ധതിയുടെ രണ്ടാംഘട്ടം മാർച്ചിനുശേഷം

**തിരുവനന്തപുരം ►** സ്ഥലവും വീടുമില്ലാത്തവർക്കും സ്ഥലമില്ലാത്തവർക്കും വീട് എന്ന പദ്ധതി അടുത്ത സാമ്പത്തിക വർഷംമുതൽ നടപ്പാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

നടപ്പുവർഷം മാർച്ച് 31-നകം വിവിധപദ്ധതികളിൽ തുടങ്ങിയതും പൂർത്തിയാക്കാത്തതുമായ വീടുകളുടെ പണി തീർക്കും. വീട് ലഭിക്കാൻ അർഹതയുള്ളവരുടെ പട്ടികയിൽ ഉൾപ്പെട്ടില്ലെന്ന പരാതി പരിഹരിക്കാൻ സംവിധാനമുണ്ടാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

സർക്കാരിന്റെ ഭവനനിർമാണ പദ്ധതികൾ ആകെ സ്തംഭിച്ചുവെന്നാരോപിച്ച് പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തരപ്രമേയ നോട്ടീസിന് മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി. പി.കെ. ബഷീറാണ് നോട്ടീസ് നൽകി സംസാരിച്ചത്.

അഞ്ച് ലക്ഷത്തിലധികം പേരാണ് ഗുണഭോക്തൃ പട്ടികയിലുള്ളതെന്ന് മുഖ്യമന്ത്രി വിശദീകരിച്ചു. തദ്ദേശസ്ഥാപനം വഴി ഭവനപദ്ധതി നടപ്പാക്കിയപ്പോൾ ഓരോ വാർഡിലേക്കും വീതംവെപ്പ് നടത്തിയിരുന്നു. ഈ അപാകങ്ങൾ പരിഹരിക്കാനാണ് കുടുംബശ്രീ വഴി സർവേ നടത്തിയതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

രണ്ടാംഘട്ടത്തിൽ സ്ഥലമില്ലാത്തവർക്കും സ്ഥലമുണ്ടായിട്ടും വീടില്ലാത്തവർക്കും വീട് നൽകും. ചില സ്ഥലങ്ങളിൽ പാർപ്പിട സമുച്ചയമാകും നിർമിക്കുക. ഇരട്ട വീടുകൾ ഒറ്റവീടാക്കും. പണി പൂർത്തിയാക്കാത്ത 61,000 വീടുകൾ നാലുലക്ഷം രൂപവരെ നൽകി പൂർത്തിയാക്കിവരുന്നു.

ഭൂമിയുള്ള ഭവനരഹിതർ 1.76 ലക്ഷമാണ്. വീടും സ്ഥലവും ഇല്ലാത്തവർ 3.38 ലക്ഷവും. വീട് നിർമിക്കാൻ പ്രത്യേക ധനകാര്യ കമ്പനി രൂപവത്കരിക്കും. വായ്പയായി എടുക്കുന്ന തുക ഭാവിയിൽ തദ്ദേശസ്ഥാപനങ്ങളുടെ ഭവനനിർമാണ പദ്ധതി വിഹിതത്തിൽനിന്ന് പിടിക്കും.

പലിശ സർക്കാർ നൽകും. തദ്ദേശസ്ഥാപനങ്ങളുടെ ഭവന നിർമാണ പദ്ധതിക്ക് സമാന്തരമായി ലൈഫ് പദ്ധതിയും കൊണ്ടുപോയിരുന്നെങ്കിൽ സ്തംഭനാവസ്ഥ ഉണ്ടാകുമായിരുന്നില്ലെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു.

പ്രമേയത്തിന് അനുമതി നിഷേധിച്ചതിനെതുടർന്ന് പ്രതിപക്ഷം ഇറങ്ങിപ്പോയി. എം.കെ. മുനീർ, കെ.എം. മാണി, അനൂപ് ജേക്കബ് എന്നിവർ സംസാരിച്ചു.